കൃഷിനാശത്തിന് നഷ്ടപരിഹാരം

200 (1570) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകിവന്നിരുന്ന ധനസഹായം 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് ഉത്തരവായിരുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് അതാതുകാലത്ത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ. (എംഎസ്.) നമ്പർ 239/2012/ ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവിൽ പറയുന്ന വിളകളെ ഒഴിവാക്കുന്നതു സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് പ്രകാരം നൽകിവന്നിരുന്ന നിരക്കിലുള്ള ധനസഹായം നിലവിൽ കർഷകർക്ക് ലഭിക്കുന്നില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായാൽ കർഷകർ നിശ്ചിത സമയമായ 10 ദിവസത്തിനകം കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷകളും അനുബന്ധ രേഖകളും സ്വീകരിച്ച് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷി സ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നഷ്ടപരിഹാരത്തുക നിശ്ചയിക്കുകയും തുക അനുവദിക്കുന്നതിനായി ക്ലെയിം പ്രിൻസിപ്പൽ കൃഷി ആഫീസിൽ സമർപ്പിക്കുകയും ചെയ്യുന്നു. റവന്യൂ വകുപ്പിൽനിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം നൽകിവരുന്നു.

നെൽക്കൃഷിയുടെ വിള ഇൻഷുറൻസ് പദ്ധതി

201 (1571) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നിലവിൽ നെൽക്കൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏക്കറിന്/ ഹെക്ടറിന് പ്രീമിയം എത്രയാണ് എന്നും, ഇൻഷ്വറൻസ് തുക എത്രയെന്നും വിശദ മാക്കാമോ ;

(ബി) പ്രസ്തുതഇൻഷ്വറൻസ് തുക തീർത്തും ചെറുതാണെന്നും കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് മതിയായ ആശ്വാസം ഇതിലൂടെ ലഭിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രീമിയം തുക വർദ്ധിപ്പിച്ച്, ആനുപാതികമായി ഇൻഷ്വറൻസ് തുകയും ഉയർത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് സമാനമായ തുക ലഭ്യമാക്കു ന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെൽക്കൃഷിയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഹെക്ടറിന് 100 രൂപയാണ് പ്രീമിയം. നഷ്ടപരിഹാര തുക 45 ദിവസത്തിന് മുകളിൽ പ്രായമുള്ള ചെടികൾ നശിച്ചാൽ 12,500 രൂപയും 45 ദിവസം വരെയുള്ളതിന് 7,500 രൂപയുമാണ്.

852/2017.

LIBRARY ARCHIVES Kerala Legislative Assembly